ഭരണഭാഷ – മാതൃഭാഷ

श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

എഞ്ചിനീയറിംഗ് വിഭാഗം

02623 / AEC1 / SSUS / 2025 (2)

തീയതി,കാലടി,16-11-2026

പ്രാദേശിക ക്വട്ടേഷൻ പരസ്യം

സർവ്വകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിലെ വിവിധ കെട്ടിടങ്ങളിലെ 57 വാട്ടർ ടാങ്കുകൾ, ഓവർഹെഡ് (OH) ടാങ്ക്, ഗ്രൗണ്ട് ലെവൽ സംപ് ടാങ്ക് എന്നിവ അടിയന്തിരമായി കഴുകി വൃത്തിയാക്കുന്ന പ്രവർത്തിക്കായി പ്രാദേശിക ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ഒരു വർഷത്തിൽ രണ്ടു പ്രാവശ്യം (6 മാസത്തെ ഇടവേളയിൽ) ടാങ്കുകൾ കഴുകി വൃത്തിയാക്കേണ്ടതുണ്ട് . പ്രവൃത്തിയുടെ പേര് എഴുതി മുദ്ര വച്ച കവറുകളിലാണ് ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടത്.(ഒരു തവണത്തേക്കുള്ളത്). എസ്റ്റിമേറ്റ് തുക ജി.എസ്.ടി. ഉൾപ്പെടെ ₹88,000/- (എൺപത്തിയെട്ടായിരം രൂപ മാത്രം) രൂപ. EMD - 1900/- രൂപ. പ്രവർത്തി പൂർത്തീകരണ കാലാവധി: 30 ദിവസം.

ക്വട്ടേഷൻ ഷെഡ്യൂൾ കാലടി മുഖ്യകേന്ദ്രത്തിലെ സർവ്വകലാശാല എൻജിനീയറിങ് വിഭാഗത്തിൽ നിന്നും 19.11.2026 രാവിലെ 10 മണി മുതൽ 28.11.2026 രാവിലെ 11 മണി വരെ ലഭിക്കുന്നതാണ്. ക്വട്ടേഷനുകൾ 28.11.2026 തീയതി 3 മണിക്ക് മുൻപായി സർവ്വകലാശാല രജിസ്ട്രാറുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അന്നേ ദിവസം വൈകിട്ട് 3.30 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതാണ്.

എന്തെങ്കിലും കാരണവശാൽ ക്വട്ടേഷനുകൾ തുറക്കേണ്ട ദിവസം അവധി ദിവസമാവുകയാണെങ്കിൽ അവ അടുത്ത പ്രവൃത്തി ദിവസം സ്വീകരിക്കുകയും തുറക്കുകയും ചെയ്യുന്നതാണ്. യാതൊരു വിധ കാരണവും കൂടാതെ തന്നെ ക്വട്ടേഷനുകൾ മൊത്തമായോ ഒറ്റക്കായോ നിരാകരിക്കാനുള്ള അവകാശം ചുവടെ ഒപ്പിട്ട ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്
ഡോ . ടി എസ് ലാൻസ്‌ലെറ്റ്
രജിസ്ട്രാർ (ഇൻചാർജ്)

അംഗീകാരത്തോടെ

Digitally Signed By
Hymes Hilary
Date:18-11-2026 10:45:34 AM

സെക്ഷൻ ഓഫീസർ

Note: This document is computer generated
and does not require the signature or the University's stamp.